# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7347
### 14.07.2014 ലെ മറുപടിക്ക്
### പ്രവാസി ദിനം ആഘോഷിക്കുന്നതിനുള്ള ചെലവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

| | |
|---|---|
| സർക്കാർ അധികാരമേറ്റ ശേഷം പ്രവാസി ദിനം കൊണ്ടാടുന്നതിന് ഓരോ വർഷവും എത്ര രൂപ വീതം ചെലവഴിച്ചു; വിശദമാക്കുമോ ? | സംസ്ഥാന സർക്കാർ പ്രവാസി ദിനം കൊണ്ടാടുന്നില്ല. എന്നാൽ മഹാത്മാഗാന്ധി സൗത്ത് ആഫ്രിക്കയിലെ പ്രവാസി ജീവിതം അവസാനിപ്പിച്ച് ഇന്ത്യയിൽ തിരികെയെത്തിയ ജനുവരി 9 പ്രവാസി ദിനമായി കേന്ദ്ര സർക്കാർ ആചരിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഏതെങ്കിലും ഒരു സംസ്ഥാന സർക്കാരുമായി ചേർന്ന് 2003 മുതൽ ജനുവരി 7,8,9 തീയതികളിൽ കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം പ്രവാസി ഭാരതീയ ദിവസ് എന്ന പരിപാടി ആചരിക്കുന്നുണ്ട്. ഇതിൽ സംസ്ഥാന സർക്കാരും പങ്കെടുത്തുവരുന്നുണ്ട്. 2013 ലെ പ്രവാസി ഭാരതീയ ദിവസ് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായി കൊച്ചിയിൽ സംഘടിപ്പിക്കുകയുണ്ടായി. മറ്റ് സംസ്ഥാനങ്ങളിലെ പരിപാടികളിൽ സ്റ്റേറ്റ് സെഷൻ സംഘടിപ്പിക്കുകയും സംസ്ഥാന പവലിയൻ ക്രമീകരിച്ചും സംസ്ഥാന സർക്കാർ പങ്കെടുക്കുന്നുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം സംഘടിപ്പിക്കുന്ന പ്രവാസി ഭാരതീയ ദിവസ് സമ്മേളനത്തിന് പങ്കെടുക്കുന്നതിന് സംസ്ഥാന സർക്കാർ ഓരോ വർഷവും അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. പ്രവാസി ഭാരതീയ ദിവസ് 2012(ജയ്പൂർ) (കെ.എസ്.ഐ.ഡി.സി മുഖേന) - Rs. 40,00,000<br>(നാല്പത് ലക്ഷം രൂപ) |

| | |
|---|---|
| | 2. സംസ്ഥാന ഗവൺമെന്റ് ആതിഥേയത്വം വഹിച്ച പ്രവാസി ഭാരതീയ ദിവസ് 2013 (കൊച്ചി) (നോർക്ക റൂട്ട്സ് മുഖേന)<br>- Rs. 2,72,52,337<br>(രണ്ട് കോടി എഴുപത്തി രണ്ട് ലക്ഷത്തി അൻപത്തി രണ്ടായിരത്തി മുന്നൂറ്റി മുപ്പത്തി ഏഴ് രൂപ)<br><br>3. പ്രവാസി ഭാരതീയ ദിവസ് 2014 (ഡൽഹി) (നോർക്ക റൂട്ട്സ് മുഖേന)<br>-Rs.62,00,000<br>(അറുപത്തിരണ്ട് ലക്ഷം രൂപ) |

സെക്ഷൻ ഓഫീസർ